**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 433** **05-12-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ ലഹരി വിമുക്ത ജനകീയ കാമ്പയിൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ നടന്നുവരുന്ന ലഹരി വിമുക്ത ജനകീയ കാമ്പയിൻ പരിപാടിയുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി ആലപ്പുഴ നിയോജക മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്, വ്യാപാരി വ്യവസായികൾ എന്നിവരുമായി ചേർന്ന് സ്കൂളുകൾ, കോളേജുകൾ, മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, തീരദേശം, അതിഥി തൊഴിലാളി ക്യാമ്പുകൾ എന്നിവിടങ്ങളിൽ ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകളും, കലാകായിക പരിപാടികളും വിവിധ മത്സരങ്ങളും സംഘടിപ്പിച്ചു. ക്യാമ്പയിന്റെ ഭാഗമായി ആലപ്പുഴ അസംബ്ലി നിയോജക മണ്ഡലത്തിലെ മുനിസിപ്പൽ വാർഡുകളിലും ഗ്രാമപഞ്ചായത്ത് വാർഡുകളിലും, ജാഗ്രതാസമിതികൾ കൂടിയിട്ടുണ്ട്. മണ്ഡലത്തിലെ ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ചന്തകൾ, ടൗണുകൾ എന്നിവിടങ്ങളിൽ വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ സദസ്സ്, ദീപം തെളിയിക്കൽ, റാലികൾ എന്നീ പരിപാടികൾ സംഘടിപ്പിച്ചു.<br><br>ഫിഷറീസ് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് മത്സ്യ തൊഴിലാളികൾക്കിടയിലും, ലേബർ ഡിപ്പാർട്ടുമെന്റുമായി ചേർന്ന് അന്യസംസ്ഥാന തൊഴിലാളികൾക്കിടയിലും ബോധവൽക്കരണ ക്ലാസുകൾ നടത്തി. ആലപ്പുഴ ബീച്ചിൽ ഫ്ലാഷ് മോബും ആലപ്പുഴ, അർത്തുങ്കൽ എന്നീ തീരദേശ മേഖലകളിൽ പാവകളിയും അർത്തുങ്കലിൽ തീരദേശ അവബോധ ജാഥ, മനുഷ്യചങ്ങല, ഫുട്ബോൾ മത്സരം എന്നിവ സംഘടിപ്പിക്കുകയും ലൈബ്രറികളിൽ ബോധവൽക്കരണ പരിപാടികളും, റാലികളും നടത്തുകയും ചെയ്തു. ലഹരി വിരുദ്ധ സന്ദേശം കുട്ടികളിലും പൊതുജനങ്ങളിലും എത്തിക്കുന്നതിന് മണ്ഡലത്തിലെ എല്ലാ സ്കൂളുകളിലും |

| | | | |
|---|---|---|---|
| | | | പ്ലക്കാർഡുകൾ പിടിച്ചുകൊണ്ട് നഗര പ്രദക്ഷിണം, മനുഷ്യശൃംഖല, പ്രതിജ്ഞ എന്നിവ നടത്തി.<br><br>മയക്കുമരുന്ന് ലഹരിക്കെതിരെ ഫുട്ബോൾ ലഹരി എന്ന രണ്ടാംഘട്ട പരിപാടി മണ്ഡലത്തിൽ വിപുലമായി നടത്തി വരുന്നു. ആലപ്പുഴ മണ്ഡലത്തെ സമ്പൂർണ്ണ ലഹരി വിമുക്ത മണ്ഡലമാക്കുന്നതിനായി കരുതൽ എന്ന പേരിൽ ഒരു കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സമൂഹത്തിലെ എല്ലാ മേഖലകളിലും പ്രവർത്തിക്കുന്ന ജനങ്ങളെ ഉൾപ്പെടുത്തികൊണ്ട് 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ നീണ്ടു നിൽക്കുന്ന വിവിധ ജനകീയ പരിപാടികളാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നത്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ലഹരി വിമുക്ത കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത മണ്ഡലത്തിൽ ലഹരി വിമുക്ത കൗൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. |
| (സി) | സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് സർക്കാർ ധനസഹായം നൽകിവരുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ; | (സി) | സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ലഹരി വിമുക്ത കേന്ദ്രങ്ങൾക്ക് എക്സൈസ്/വിമുക്തിയിൽ നിന്നും ധനസഹായം നൽകുന്നില്ല. |
| (ഡി) | ആലപ്പുഴ മണ്ഡലത്തിൽ പുതുതായി ലഹരി വിമുക്ത കൗൺസലിംഗ് സെന്റർ ആരംഭിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ? | (ഡി) | വിമുക്തി മിഷന്റെ ഭാഗമായി എല്ലാ ജില്ലകളിലും നിലവിൽ പ്രവർത്തിച്ചു വരുന്ന ഡി-അഡിക്ഷൻ സെന്ററുകൾക്ക് പുറമേ പുതുതായി രണ്ട് ഡി-അഡിക്ഷൻ സെന്ററുകൾ കൂടി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്ക് ആശുപത്രി, ഹരിപ്പാട് താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ഡി അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ആരോഗ്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ